**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(മാർച്ച് 16 - 22 , 2018)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**
**E-mail: ccmannuthy@kau.in, Phone:0487-2370773)**

**No. C3/4/2018– 12** **Dt. 15.03.2018**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

കുരുമുളക് വേരു പിടിപ്പിക്കുന്നതിനായി ചുറ്റി വച്ച കൊടിത്തലകൾ മുറിച്ചെടുത്ത് രണ്ടോ മൂന്നോ മുട്ടുകളുള്ള കഷ്ണങ്ങളാക്കിയതിനുശേഷം വേരു പിടിപ്പിക്കാൻ നടാം. ചെന്തലകളുടെ നടുഭാഗമാണ് നടാൻ ഉപയോഗിക്കേണ്ടത്. പോട്ടിങ്ങ് മിശ്രിതത്തിൽ ട്രൈക്കോഡെർമ്മ,മൈക്കോറൈസ മുതലായ ജീവാണുക്കളുടെ കൾച്ചർ ചേർക്കുന്നത് തൈകൾ അഴുകി നശിക്കുന്നത് തടയും. പന്നിയൂർ 1,2,3,4,5,6,7, ശുഭകര, ശ്രീകര, കരിമുണ്ട, പഞ്ചമി, പൗർണമി, കൊറ്റനാടൻ, കുതിരവാലി, ബാലൻകൊട്ട, കല്ലുവള്ളി എന്നിവ കൂടുതൽ ഉൽപാദനം നൽകുന്ന ഇനങ്ങളാണ്. പന്നിയൂർ 6 തണലിലും തുറസ്സായ സ്ഥലത്തും വളരുന്ന ഇനമാണ്. തിരികൾക്ക് നീളക്കൂടുതൽ ഉള്ള ഇനമാണ് പന്നിയൂർ 7. ഈ രണ്ടിനങ്ങളും എല്ലാ വർഷവും നന്നായി കായ്ക്കുകയും ചെയ്യും.

കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽ നൈട്രജൻ, പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചിട്ടയായ പരിചരണത്തിലൂടെ മഞ്ഞളിപ്പ് മാറ്റിയെടുക്കാം. എല്ലാ വർഷവും ഓരോ തടത്തിലും അര കിലോഗ്രാം വീതം കുമ്മായം ചേർക്കുന്നത് നന്നായിരിക്കും.

കപ്പയിലെ ഇലകരിച്ചിൽ രോഗം ഒഴിവാക്കാൻ രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുക. ഈ രോഗത്തിനെതിരെ ഒരു പരിധി വരെ പ്രതിരോധശേഷിയുള്ള ഇനങ്ങളാണ് H-97, H-226, H-1687, H-2304 എന്നിവ.

പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്തതിൽ ലിറ്ററിന് 1 ഗ്രാം എന്നതോതിൽ കറിയുപ്പ് ചേർത്ത് 15 മിനിറ്റോളം മുക്കി വയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണ വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.

നാട്ടു മരങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു ഉപദ്രവകാരിയായ കളയാണ് ഇത്തിക്കണ്ണികൾ. മാവ്, പ്ലാവ്, സപ്പോട്ട എന്നിങ്ങനെ പല ഫല വൃക്ഷങ്ങളിലും റബ്ബർ, കശുമാവ് തുടങ്ങിയ നാണ്യ വിളകളിലും ഇതു ധാരാളമായി കാണപ്പെടുന്നു. ഇവ വിളകളുടെ ഉൽപ്പാദനം കുറയ്ക്കുകയും ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഇവയുടെ നിയന്ത്രണം അനിവാര്യമാണ്.

തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കന്നതിന് 250ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് 250ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെ ദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാ ദ്വാരങ്ങളും അടച്ചതിനുശേഷം മുകളിലത്തെ ദ്വാരത്തിലൂടെ 1% വീര്യമുള്ള കാർബാറിൽ തെങ്ങൊന്നിന് ഒരു ലിറ്റർ എന്ന തോതിൽ ഒഴിച്ചുകൊടുക്കുക.

ഇത്തിൾക്കണ്ണിയുടെ നിവാരണത്തിനായി എത്രൽ എന്ന ഹോർമോൺ 25 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. റോക്കർ സ്പ്രേയർ എന്ന ഉപകരണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇലകൾ വീണ്ടും തളിർത്തു വരുന്ന പ്രധാന വേരുകളിൽ 2, 4 - D എന്ന കളനാശിനി 1 ഗ്രാം 20 മി.ല്ലി വെള്ളത്തിൽ എന്ന തോതിൽ പഞ്ഞിയിൽ നനച്ച് വെച്ച് കെട്ടുന്ന വഴി ഇവയുടെ വളർച്ച പൂർണ്ണമായും തടയാം. കൂടാതെ വേനൽക്കാലത്ത് ചെറിയ തോതിലുള്ള ഇത്തിൾക്കണ്ണികളെ ഉപ്പ് തളിരിൽ വെച്ച് കെട്ടി നിയന്ത്രിക്കാം.

ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള മീലിമൂട്ടയേയും പരന്ന ആകൃതിയിലുള്ള ശല്ക്കകീടങ്ങളേയും നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് വെർട്ടിസീലിയം ലക്കാനി എന്ന കുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെക്കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ ഈ കുമിൾലായനി തളിച്ചുകൊടുക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ/മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ ബന്ധപ്പെടുക. ഫോൺ നമ്പർ : **0487-2438303/ 0487-2370773.**

പപ്പായ മീലിമൂട്ടക്കെതിരെ അസിരോഫാഗസ് എന്ന എതിർപ്രാണികളെ ഉപയോഗിക്കണം.

**<u>അറിയിപ്പ്</u>**

**1.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

**2.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ചിപ്പി കൂൺ വിത്ത് വിൽക്കപ്പെടുന്നു. 300 ഗ്രാം 40 രൂപ.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8086405476, 9645420575**

**3**. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ നടപ്പിലാക്കുന്ന മുഖാമുഖം പരിപാടിയുടെ മാർച്ച് മാസത്തെ കാർഷിക ക്ലിനിക് കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് മാർച്ച് 17-ാം തീയതി രാവിലെ 10 മുതൽ വൈകിട്ട് 4.00 വരെ നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർക്ക് തങ്ങളുടെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9605612478, 9447789728,0487-237073.**

4. കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ കല്പധേനു എന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താൽപര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വരിസംഖ്യാനിരക്ക്:- വാർഷികം **125/-**അഞ്ചുവർഷം: **500/**രൂപ. ഫോൺ: **0487-2370773, 9605612478, 9447789728.**

**5.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ കൂൺ കൃഷി എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500 രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 മാർച്ച് 21ന് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **0487-2370773** എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഒപ്പ്/-**

**പ്രൊഫസർ & ഹെഡ്**